**മീതൈൽ ആൾക്കഹോൾ**

75 (T 473) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീതൈൽ ആൾക്കഹോൾ കൊണ്ടുവരികയോ കൈവശം വയ്ക്കുകയോ വിൽക്കുകയോ ചെയ്യുന്നതിനെ തടയുന്നതിനും ശിക്ഷിക്കുന്നതിനും ചട്ടങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ചട്ടങ്ങൾ അനുസരിച്ച് 1998,1999, 2000 എന്നീ വർഷങ്ങളിൽ എത്ര കേസ്സുകൾ എടുത്തു;

(സി) ഇതിൽ ശിക്ഷിച്ചതെത്ര;

(ഡി) ഈ കാലഘട്ടത്തിൽ ഇത് സംബന്ധിച്ച് കേസ്സൊന്നും എടുക്കാത്ത പക്ഷം അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ഇ) മീതൈൽ ആൾക്കഹോൾ സംബന്ധിച്ച ചട്ടങ്ങൾ കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ;

(എഫ്) എങ്കിൽ എന്നു മുതൽ; ഈ സ്റ്റേ ഒഴിവാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മീതൈൽ ആൾക്കഹോൾ വിൽപനയ്ക്കുവേണ്ടി കൈവശം വയ്ക്കുന്നത് നിയന്ത്രിക്കുന്നതിന് 1996-ലെ കേരള പോയ്സൺ ചട്ടങ്ങൾ നിലവിലുണ്ട്. എന്നാൽ കേരള ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് നിലവിലുള്ളതിനാൽ ഈ ചട്ടങ്ങൾ ഇപ്പോൾ നടപ്പാക്കപ്പെടുന്നില്ല.

(ബി) 1998, 1999, 2000 വർഷങ്ങളിൽ കേസ്സൊന്നും എടുത്തിട്ടില്ല.

(സി) ബാധകമല്ല.

(ഡി-എഫ്) ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് നിലവിലുള്ളതിനാൽ ഈ ചട്ടങ്ങൾ 8-10-1996 മുതൽ നടപ്പാക്കപ്പെടുന്നില്ല. സ്റ്റേ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേസ് ഹിയറിംഗ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി അഡ്വക്കേറ്റ് ജനറൽ അറിയിച്ചിട്ടുണ്ട്.

**കള്ളുഷാപ്പുകൾ സഹകരണ സംഘങ്ങളെ ഏൽപിക്കുന്നതിനുള്ള നടപടി**

76 (474) ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കള്ളുഷാപ്പുകൾ 2001-2002 സാമ്പത്തിക വർഷത്തിൽ നടത്തുന്നതിന് സഹകരണ സംഘങ്ങളെ ഏൽപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

---

'T' മാറ്റി വയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് ഏതൊക്കെ റേഞ്ചുകളിൽ ഇപ്പോൾ തൊഴിലാളി സഹകരണസംഘങ്ങൾ തൊഴിലാളികളുടെ സംയുക്ത മാനേജ്മെന്റ് എന്നിവയുടെ നേതൃത്തിൽ കള്ളുഷാപ്പുകൾ നടത്തുന്നുണ്ട് ; ഈ സ്ഥലങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ് ;

(സി) വ്യാജ മദ്യവിൽപ്പന തടയുന്നതിനും ഉൽപ്പാദനം അവസാനിപ്പിക്കുന്നതിനും സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) പുതിയ അബ്കാരി നയത്തിന്റെ വിശദാംശങ്ങൾക്ക് അന്തിമരൂപം നൽകിയിട്ടില്ല.

(ബി) തൃശ്ശൂർ ഡിവിഷനിൽപ്പെട്ട ചേർപ്പ് അന്തിക്കാട് എന്നീ റേഞ്ചുകളിലെ കള്ളുഷാപ്പുകൾ വിവിധ ട്രേഡ് യൂണിയൻ നേതാക്കൾ ഉൾപ്പെട്ട കമ്മിറ്റി നടത്തുന്നുണ്ട്. ടി റേഞ്ചുകളിലെ കള്ളുഷാപ്പുകൾ 10,000 രൂപ വീതം വേല തുകയ്ക്കാണ് നൽകിയിരിക്കുന്നത്. ഈ റേഞ്ചുകളിൽ വ്യക്ഷക്കരം അടയ്ക്കുന്നതും ടോഡി വെൽഫെയർ ഫണ്ടിലേക്ക് അടയ്ക്കേണ്ട തുകയ്ക്കുള്ള സോൾവൻസി ഹാജരാക്കുന്നതും ഒഴിവാക്കിയിട്ടുണ്ട്.

(സി) വ്യാജമദ്യ വിൽപ്പനയും ഉൽപ്പാദനവും തടയുന്നതിനായി വ്യാപകമായ റെയിഡുകൾ, വാഹനപരിശോധനകൾ, പട്രോളിംഗ് എന്നിവ നടത്തി വരുന്നു.

## ബാർ ലൈസൻസുകൾ

77 (475) ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. എ. കെ. മണി :
ശ്രീ. കെ. സുധാകരൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം എത്ര ഹോട്ടലുകൾക്ക് പുതുതായി ബാർ ലൈസൻസ് അനുവദിച്ചു ;

(ബി) ഇവ ഏതെല്ലാമെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ ;

(സി) ഈ ഗവൺമെൻറ് നിലവിൽ വന്നശേഷം കാലഹരണപ്പെട്ട എത്ര ബാർ ലൈസൻസുകൾ പുതുക്കിക്കൊടുത്തു ; അവ ഏതെല്ലാമെന്ന് പറയുമോ ;

(ഡി) ഇപ്രകാരം ലൈസൻസുകൾ പുതുക്കിക്കിട്ടിയ ബാറുകൾ ട്രാൻസ്ഫർ ചെയ്യുവാൻ അനുവദിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഓരോ ബാറും എവിടെ നിന്ന് എവിടേയ്ക്കാണ് മാറ്റി സ്ഥാപിച്ചത് ;

(എഫ്) ഇപ്രകാരമുള്ള ബാറുകൾ മാറ്റി സ്ഥാപിക്കാൻ അനുമതി നൽകിയത് തൽസമയം നിലവിലുണ്ടായിരുന്ന ഏതെങ്കിലും നിയമത്തിന് എതിരായിരുന്നുവെന്ന് ആരോപണമുണ്ടായിട്ടുണ്ടോ ;



LIBRARY ARCHIVES Kerala Legislative Assembly